# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 438 27/06/2014-ൽ മറുപടിയ്ക്ക്

## ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, പി.എ. മാധവൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്.<br>സംസ്ഥാന പദ്ധതിയിൽ സമഗ്ര നാളികേര വികസന പദ്ധതി ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കി വരുന്നത്. 2014-15 വർഷം കേര കൃഷിയുടെ വികസനത്തിനായി 4500 ലക്ഷം രൂപയുടെ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നതാണ്. കൂടാതെ കേന്ദ്ര നാളികേര വികസന ബോർഡ് 2014-15 വർഷം നടപ്പിലാക്കുന്ന പദ്ധതികളും ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | തെങ്ങിൻതോട്ടങ്ങളുടെ സംയോജിത കൃഷി പരിപാലനം . ഹൈബ്രിഡ്- എലൈറ്റ് തെങ്ങിൻതൈകളുടെ ഉല്പാദനം, കേര ക്ലസ്റ്ററുകൾക്കുള്ള സഹായം, തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സഹായം എന്നിവയാണ് നിർദ്ദേശിക്കപ്പെട്ട പദ്ധതി ഘടകങ്ങൾ. നാളികേര കൃഷിയിൽ നിന്നും ഉല്പാദനവും, ആദായവും വർദ്ധിപ്പിക്കുവാനും നാളികേര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| സി) | പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേര പദ്ധതികൾക്ക് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, മറ്റ് ഗവേഷണ സ്ഥാപനങ്ങൾ, കേര കർഷകരുടെ ക്ലസ്റ്ററുകൾ എന്നിവയുടെ സഹകരണം ലഭിക്കുന്നുണ്ട്. |
| ഡി) | എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | ഡി) | 2013-14 വർഷത്തിൽ സംസ്ഥാനത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരശ്രീ എന്ന പേരിൽ സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതി എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, |

വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിൽ നടപ്പിലാക്കി. 13631 ഹെക്ടറിൽ 545 ക്ലസ്റ്ററുകൾ രൂപീകരിച്ച് തെങ്ങിൻ തോട്ടങ്ങളിൽ ഒന്നാം വർഷ പരിചരണവും 19600 ഹെക്ടറിൽ 784 ക്ലസ്റ്ററുകൾ രൂപീകരിച്ച് രണ്ടാം വർഷ പരിചരണവും നടത്തി. ആകെ 4289.93557 ലക്ഷം രൂപയുടെ ധനസഹായം കർഷകർക്ക് ലഭ്യമാക്കി.

കേന്ദ്ര സഹായത്തോടെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം ഇടുക്കി. വയനാട് ജില്ലകൾ ഒഴികെ മറ്റുള്ള 12 ജില്ലകളിൽ കേര ക്ലസ്റ്ററുകൾ മുഖേന ഒന്നാം വർഷ പരിചരണത്തിന് ഹെക്ടറിന് 17500 രൂപ നിരക്കിൽ 9298.4 ഹെക്ടറിലും രണ്ടാം വർഷ പരിചരണത്തിന് ഹെക്ടറിന് 9100 രൂപ നിരക്കിൽ 5837.2 ഹെക്ടറിലും നാളികേര കൃഷിക്കായി ആകെ 2160.6646 ലക്ഷം രൂപയുടെ ധനസഹായം നൽകി.

കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ 460.8 ലക്ഷം രൂപയുടെ പദ്ധതി 2013-14 വർഷം നടപ്പിലാക്കുകയുണ്ടായി. ഒന്നാം വർഷം പരിചരണത്തിനായി ഹെക്ടർ ഒന്നിന് 7500 രൂപ നിരക്കിൽ 1625 ഹെക്ടറിലേയ്ക്കായി 120 ലക്ഷം രൂപയും രോഗം ബാധിച്ച് ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനായി 16570 തെങ്ങുകൾക്ക് 40.80 ലക്ഷം രൂപയും വിനിയോഗിക്കുകയുണ്ടായി.

ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം നാളികേര വികസന ബോർഡിന്റെ സഹായത്തോടെ സംയോജിത കൃഷി രീതികൾ തെങ്ങിൻ തോട്ടങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 വർഷം ഇടുക്കി ജില്ലയിൽ 58.74586 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്. സംയോജിത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 7500/- രൂപ നിരക്കിൽ ഒന്നാം വർഷത്തേയ്ക്ക് 250 ഹെക്ടറിലും രണ്ടാം വർഷത്തേയ്ക്ക് 450 ഹെക്ടറിലും 52.49586 ലക്ഷം രൂപയും രോഗംബാധിച്ച് ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ 2500 എണ്ണം മുറിച്ചുമാറ്റുന്നതിന് 6.25

ലക്ഷം രൂപയും നാളികേര കർഷകർക്കായി വിനിയോഗിച്ചു.

2014-15 വർഷത്തെ നാളികേര വികസന ബോർഡ് പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

3-438
27/6/14

## അനുബന്ധം

## 2014-15 സാമ്പത്തിക വർഷത്തിൽ നാളികേര വികസനബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

| | പദ്ധതിയുടെ പേര് | സ്ഥല ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം | ബോർഡിന്റെ വിഹിതം |
|---|---|---|---|---|
| 1. | ഗുണമേന്മയേറിയ തെങ്ങിൻ തൈ ഉല്പാദനം | | | |
| | a.പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ(50:50) | 1.875 ലക്ഷം തൈകൾ | 60 ലക്ഷം രൂപ | 30 ലക്ഷം രൂപ |
| | b.സങ്കരയിനം ഉയരം കുറഞ്ഞ തെങ്ങിൻ തൈകളുടെ ഉല്പാദനം. | 1.64 ലക്ഷം തൈകൾ | 29.60 ലക്ഷം രൂപ | 14.80 ലക്ഷം രൂപ |
| | c.ന്യൂക്ലിയസ് വിത്ത് തേങ്ങതോട്ടങ്ങൾ സ്ഥാപിക്കൽ | ആവശ്യാനുസരണം | 6 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| | d.ചെറുകിട തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ | ആവശ്യാനുസരണം | 4 ലക്ഷം രൂപ | 4 ലക്ഷം രൂപ |
| 2. | തെങ്ങുകൃഷി വ്യാപന ധന സഹായ പദ്ധതി | | | |
| | a.ഒന്നാം വർഷ കൃഷി ഹെക്ടറൊന്നിന് 7500 രൂപ നിരക്കിൽ | 100 ഹെക്ടർ | 7.5 ലക്ഷം രൂപ | 7.5 ലക്ഷം രൂപ |
| | b.രണ്ടാം വർഷ കൃഷി ഹെക്ടറൊന്നിന് 4000 രൂപ നിരക്കിൽ | 125 ഹെക്ടർ | 5 ലക്ഷം രൂപ | 5 ലക്ഷം രൂപ |
| 3. | തെങ്ങിൻ തോട്ടങ്ങളിൽ ഉല്പാദന വർദ്ധനവിന് സംയോജിത കൃഷി പദ്ധതി | | | |
| | a.തെങ്ങുകൃഷി പ്രദർശന ത്തോട്ടങ്ങൾ സ്ഥാപിക്കൽ | | | |
| | 1. കുട്ടനാട് പാക്കേജ് (II ഘട്ടം) | 1625 ഹെക്ടർ | 121.875 ലക്ഷംരൂപ | 121.875 ലക്ഷം രൂപ |
| | 2. ഇടുക്കി പാക്കേജ് (II ഘട്ടം) | 1250 ഹെക്ടർ | 93.75 ലക്ഷം രൂപ | 93.75 ലക്ഷം രൂപ |
| | 3. നേരിട്ടുള്ള ധനസഹായം | 1125.99 ഹെക്ടർ | 185.445 ലക്ഷംരൂപ | 185.445 ലക്ഷം രൂപ |
| | 4.ജൈവവള നിർമ്മാണ യൂണിറ്റ് | 10 എണ്ണം | 6 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| | മൊത്തം | | 519.17 ലക്ഷം രൂപ | 474.37 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ